**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2957** | **12-07-2022 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യോല്പാദനത്തിലെ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയ തലത്തിലെ ആകെ മത്സ്യോല്പാദനത്തിന്റെ എഴുപത് ശതമാനവും ഉൾനാടൻ മേഖലയിൽനിന്നും ലഭിക്കുമ്പോൾ കേരളത്തിന്റെ സംഭാവന മുപ്പത് ശതമാനത്തിൽ താഴെ മാത്രമാണെന്നത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | 2015-16 വരെയുള്ള കാലയളവിൽ ഉൾനാടൻ മത്സ്യോല്പാദനത്തിൽ മികച്ച നേട്ടം കൈവരിച്ച സംസ്ഥാനം പിന്നീട് പുറകോട്ട് പോയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (ബി) | 1997 മുതൽ 2001 വരെയുള്ള കാലഘട്ടത്തിലാണ് സംസ്ഥാനം ഉൾനാടൻ മത്സ്യകൃഷിയിലൂടെ മികച്ച നേട്ടം കൈവരിച്ചിട്ടുള്ളത്. 2015-16 വർഷം 2.1 ലക്ഷം മെട്രിക് ടൺ ആയിരുന്ന മത്സ്യ ഉല്പാദനം 2021-22 വർഷം 2.25 ലക്ഷം ആയി വർദ്ധിച്ചിട്ടുണ്ട്. 2016 മുതലുള്ള കാലഘട്ടത്തിൽ ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ജലാശയങ്ങളുടെ മലിനീകരണം, ജലാശയങ്ങളുടെ ശോഷണം, അണക്കെട്ടുകളുടെ/ തടയണകളുടെ/ ബണ്ടുകളുടെ നിർമ്മാണം, കണ്ടൽക്കാടുകളുടെ തിരോധാനം, വർദ്ധിച്ച തോതിലുള്ള മണൽവാരൽ, ജലസസ്യങ്ങളുടെ വ്യാപനം, മത്സ്യരോഗങ്ങൾ, വിദേശ മത്സ്യങ്ങളുടെ കടന്നുകയറ്റം, കാലാവസ്ഥാ വ്യതിയാനം എന്നിവയാണ് ഉൾനാടൻ മത്സ്യോൽപ്പാദനം കുറയാനുണ്ടായ കാരണങ്ങൾ. |
| (സി) | പ്രസ്തുത പിന്നാക്കാവസ്ഥയ്ക്ക് കാരണം സംസ്ഥാനത്തെ ഉൾനാടൻ ജലവിഭവ ശേഷി ഉപയോഗിക്കുന്നതിലുണ്ടായ വീഴ്ചയാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (സി) | ഉൾനാടൻ മത്സ്യോൽപ്പാദനത്തിൽ ഉണ്ടായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി സർക്കാർ വിവിധ കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. 2021-22 സാമ്പത്തിക വർഷം ജലകൃഷി വികസനത്തിനായി 98 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 20 ഇനം കൃഷി രീതികൾ നടപ്പിലാക്കി പൂർത്തീകരിച്ച് വരുന്നു. കൂടാതെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി |

| | | | |
|---|---|---|---|
| | | | മത്സ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് വിവിധ പദ്ധതികൾ നടപ്പിലാക്കി പൂർത്തീകരിച്ചു. നടപ്പ് സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി 78.90 കോടി രൂപ അടങ്കൽ തുക വരുന്ന നൂതന പദ്ധതികളായ ബയോഫ്ളോക്ക് മത്സ്യകൃഷി രീതി, റീസർക്കുലേറ്ററി അക്വാകൾച്ചർ, ഓരു ജല കൂടുകൃഷി, കുളങ്ങളിലെ ഓരുജല കൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര റിയറിംഗ് യൂണിറ്റുകൾ എന്നിവ നടപ്പിലാക്കി വരുന്നു. 2020-21 സാമ്പത്തിക വർഷം അഡാക്ക് മുഖേന പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി 16 കോടി രൂപയുടെയും റീബിൽഡ് കേരളയിലുൾപ്പെടുത്തി 3.2 കോടി രൂപയുടെയും ആകെ 490 കൂടുകളിൽ മത്സ്യകൃഷി നടപ്പിലാക്കി പൂർത്തീകരിച്ച് വരുന്നു. കൂടാതെ നടപ്പ് സാമ്പത്തിക വർഷം 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും ആയത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ച് വരികയും ചെയ്യുന്നു. 2021- 22 സാമ്പത്തിക വർഷം പൊതു ജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതിയ്ക്ക് 300 ലക്ഷം രൂപ യുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു. 2021- 22 സാമ്പത്തിക വർഷം 150 ലക്ഷം അടങ്കൽ തുകയുടെ റിസർവോയർ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി 8 റിസർവോയറുകളിൽ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി. ഈ പദ്ധതികൾ കൂടാതെ 2022-23 സാമ്പത്തിക വർഷത്തിൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിനായി 98.73 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുക വഴി സംസ്ഥാനത്തിന്റെ ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | എങ്കിൽ അത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | ഉൾനാടൻ മത്സ്യോൽപ്പാദനത്തിൽ ഉണ്ടായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി സർക്കാർ വിവിധ കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. 2021-22 സാമ്പത്തിക വർഷം ജലകൃഷി വികസനത്തിനായി 98 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 20 ഇനം കൃഷി രീതികൾ നടപ്പിലാക്കി പൂർത്തീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി മത്സ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് വിവിധ പദ്ധതികൾ നടപ്പിലാക്കി പൂർത്തീകരിച്ചു. നടപ്പ് സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി 78.90 കോടി രൂപ അടങ്കൽ തുക വരുന്ന നൂതന പദ്ധതികളായ ബയോഫ്ളോക്ക് മത്സ്യകൃഷി രീതി, റീസർക്കുലേറ്ററി അക്വാകൾച്ചർ, ഓരു ജല കൂടുകൃഷി, കുളങ്ങളിലെ ഓരുജല കൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര റിയറിംഗ് യൂണിറ്റുകൾ എന്നിവ നടപ്പിലാക്കി വരുന്നു. 2020-21 സാമ്പത്തിക വർഷം അഡാക്ക് മുഖേന പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി 16 കോടി രൂപയുടെയും റീബിൽഡ് കേരളയിലുൾപ്പെടുത്തി 3.2 കോടി രൂപയുടെയും ആകെ 490 കൂടുകളിൽ മത്സ്യകൃഷി നടപ്പിലാക്കി പൂർത്തീകരിച്ച് വരുന്നു. കൂടാതെ നടപ്പ് സാമ്പത്തിക വർഷം 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും ആയത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ച് വരികയും ചെയ്യുന്നു. 2021- 22 സാമ്പത്തിക വർഷം പൊതു ജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതിയ്ക്ക് 300 ലക്ഷം രൂപ യുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു. 2021- 22 സാമ്പത്തിക വർഷം 150 ലക്ഷം അടങ്കൽ തുകയുടെ റിസർവോയർ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി 8 റിസർവോയറുകളിൽ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി. ഈ പദ്ധതികൾ കൂടാതെ 2022-23 സാമ്പത്തിക വർഷത്തിൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിനായി 98.73 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുക വഴി സംസ്ഥാനത്തിന്റെ ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ